**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3855** **09-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി. ചലോ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. ബസ് ട്രാക്കിങ്ങിനായി ഏർപ്പെടുത്തിയ ചലോ ആപ്പിൽ ബസ് ട്രാക്ക് ചെയ്യുന്നതിൽ ഉപഭോക്താക്കൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആപ്പ് കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ? | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിങ് സംവിധാനം പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ബസ്സുകളുടെ തത്സമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ട്രാക്കിംഗ് സംവിധാനത്തിന്റെ ബീറ്റാ വേർഷൻ ലഭ്യമാക്കിയിരുന്നു. ആയതിലൂടെ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും. "കെ.എസ്.ആർ.ടി.സി. ചലോ ബീറ്റാ ആപ്പ്" വഴി യാത്രക്കാർക്ക് ഒരുസ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് പോകേണ്ട വിവരങ്ങൾ നൽകിയാൽ ടി റൂട്ടിൽ ഓടുന്ന ബസ്സുകളുടെ ലിസ്റ്റ് ലഭിക്കുകയും ബസുകളുടെ തൽസമയ വിവരങ്ങളും ലഭ്യമാക്കുവാനും സാധിക്കും. ബസ് പുറപ്പെടുമ്പോൾ തന്നെ പ്രസ്തുത ആപ്പ് വഴി ബസ് ട്രാക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ബീറ്റാ വേർഷനിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു ആയത് പരിഹരിച്ച് പുതുക്കിയ ആപ്പ് ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പ്രസ്തുത ആപ്പ് ഉപഭോക്തൃ സൗഹൃദമാണ്. |

സെക്ഷൻ ഓഫീസർ